വില്ലേജ് ഓഫീസർമാർക്ക് പ്രൊമോഷൻ

81 (2878)ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ വില്ലേജ് ആഫീസർ തസ്തികയുടെ എണ്ണം വർദ്ധിപ്പിച്ചിട്ടും അതിന് ആനുപാതികമായി ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രൊമോഷൻ നൽകുന്നതിനുവേണ്ട എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റവന്യൂവകുപ്പിലെ സീനിയോറിറ്റി ലിസ്റ്റുകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവുകൾ നിലവിലുള്ളതിനാൽ ആണ് യഥാസമയം വില്ലേജ്ഓഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകാൻ കഴിയാത്തത്. ടി കേസ്സുകൾ ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. കോടതിയിലുള്ള കേസ്സുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

മുൻ ഭൂവുടമകൾക്ക് പെൻഷൻ

82 (2879)ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്ക്കരണ നിയമംമൂലം ഭൂമി നഷ്ടപ്പെട്ടും സാമ്പത്തിക ക്ലേശത്തിലുമിരിക്കുന്ന മുൻ ഭൂവുടമകൾക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടികളുടെ പുരോഗതിയെന്താണെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നും ഈയാവശ്യത്തിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്തായിരിക്കുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഭൂപരിഷ്ക്കരണ നിയമംമൂലം ഭൂമി നഷ്ടപ്പെട്ടും സാമ്പത്തിക ക്ലേശമനുഭവിക്കുന്ന ഭൂവുടമകൾക്ക്വേണ്ടി ഒരു പെൻഷൻ പദ്ധതി ഇപ്പോൾ തന്നെ നിലവിലുണ്ട്. ഈ പദ്ധതിയനുസരിച്ച് ഇതുവരെ 92 ഭൂവുടമകൾക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) ഈ പെൻഷന്വേണ്ടി ഇതുവരെ ലഭിച്ച അപേക്ഷകളിൽ 45 എണ്ണം തീരുമാനം എടുക്കാനായി ഇനിയും ബാക്കിയുണ്ട്. അതിനാൽ അപേക്ഷകൾ ലഭിച്ച് തീരുമാനം എടുക്കുന്ന മുറയ്ക്ക് മാത്രമേ ഇതിന്റെ പ്രയോജനം എത്രപേർക്ക് ലഭിക്കുമെന്ന് അറിയുവാൻ സാധിക്കുകയുള്ളൂ. 70 വയസ്സ് തികഞ്ഞവരും വാർഷികവരുമാനം 6,000/- രൂപയിൽ കവിയാത്തവരും ഭൂപരിഷ്കരണ നിയമംമൂലം 1 ഏക്കറിൽ കുറയാതെ ഭൂമി നഷ്ടപ്പെട്ടവരും ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വന്തമായി 50 സെന്റിൽ കൂടുതൽ ഭൂമി ഇല്ലാത്തവർക്കും മറ്റു പെൻഷൻ ഒന്നും ലഭിക്കുന്നില്ലായെങ്കിൽ ഈ പെൻഷൻ ലഭിക്കുവാൻ അർഹതയുണ്ട്.

നേറ്റിവിറ്റി സർട്ടിഫിക്കറ്റ്

83 (2880)ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂവകുപ്പിൽനിന്ന് നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡമെന്താണ്;

(ബി) നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് പ്രസ്തുത ജില്ലയിൽ താമസിച്ചിരിക്കേണ്ട കുറഞ്ഞ കാലാവധി സംബന്ധിച്ച് വ്യവസ്ഥയുണ്ടോ;

(സി) ഇതു സംബന്ധമായ സർക്കാർ ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ ജനിച്ചവർക്കും, അവരുടെ കുട്ടികൾക്കും, മറ്റ് സംസ്ഥാനത്ത് ജനിച്ച് വിവാഹിതരായി കേരളത്തിൽ സ്ഥിരമായി താമസിക്കുന്നവരുടെ കുട്ടികൾക്കും നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകിവരുന്നു.

(ബി) പ്രത്യേക വ്യവസ്ഥയില്ല. സ്ഥിരതാമസമായിരിക്കണമെന്നതാണ് അനുവർത്തിക്കുന്ന മാനദണ്ഡം.

(സി) ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് 26/02/1983ലെ ജി.ഒ.(എം.എസ്)805/83/ആർ.ഡി.യുടെ പകർപ്പ് അനുബന്ധമായി വെച്ചിട്ടുണ്ട്.†

പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് ധനസഹായം

84(2881) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ പഞ്ചായത്തിലെ വല്ലംകുഴ ആലയ്ക്കത്ത് ശ്രീമതി അംബിക. ജി, 1998 ഒക്ടോബർ മാസത്തിലുണ്ടായ പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടതിന് ധനസഹായം അഭ്യർഥിച്ചുകൊണ്ട് അപേക്ഷ സമർപ്പിച്ചിരിന്നുവോ;

(ബി) ഇവരുടെ വീട് ഭാഗികമായാണോ പൂർണ്ണമായാണോ തകർന്നത് എന്ന് അന്വേഷണം നടത്തി രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ നാശനഷ്ടത്തിന്റെ തോത് വിശദമാക്കുമോ;

(സി) പൂർണ്ണമായി വീട് നഷ്ടപ്പെട്ടവർക്കും ഭാഗികമായി വീട് നഷ്ടപ്പെട്ടവർക്കും നൽകുന്ന പരമാവധി ധനസഹായം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ശ്രീമതി അംബികയുടെ അപേക്ഷ പ്രകാരം അവർക്ക് അർഹതപ്പെട്ട ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദീകരിക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly